# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/1/2018 2018 ജനുവരി 1

## <u>പത്രക്കുറിപ്പ്</u>

### <u>ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരുടെ യോഗം</u>

വിവിധ സി.ബി.സി.എസ്.എസ്. പ്രോഗ്രാമുകളുടെ ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട്, യു.ജി. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരുടെ യോഗം നാളെ (ജനുവരി 3) ഉച്ച കഴിഞ്ഞ് 2 മണിക്ക് സർവ്വകലാശാലാ മിനി കോൺഫറൻസ് ഹാളിൽ നടത്തുന്നതാണ്.

### <u>എം.ഫിൽ ബിസിനസ് സ്റ്റഡീസ് പ്രവേശനം</u>

2017-18ൽ അഫിലിയേറ്റഡ് കോളേജുകളിൽ ബിസിനസ് സ്റ്റഡീസിൽ എം.ഫിൽ (സ്വാശ്രയം) പ്രോഗ്രാമിൽ പ്രവേശനത്തിന് ജനുവരി 15 വരെ അപേക്ഷിക്കാം. എൻട്രൻസ് ടെസ്റ്റും അഭിമുഖവും 22ന് നടത്തുകയും, റാങ്ക്ലിസ്റ്റ് 25ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്യും. 29ന് പ്രവേശനം നടത്തുകയും, ഫെബ്രുവരി 1ന് ക്ലാസ്സുകൾ ആരംഭിക്കുകയും 15ന് പ്രവേശനം അവസാനിപ്പിക്കുകയും ചെയ്യണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### <u>പോസ്റ്റ് ഡോക്ടർ ഫെല്ലോഷിപ്പ്</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഫുൾടൈം ഗവേഷണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള പോസ്റ്റ് ഡോക്ടർ ഫെല്ലോഷിപ്പിന് ജനുവരി 31 വരെ നിശ്ചിതഫോറത്തിലുള്ള അപേക്ഷകൾ സർവ്വകലാശാലാ പഠനവകുപ്പുകളിൽ സ്വീകരിക്കും. അപേക്ഷാഫോറം സർവ്വകലാശാലാ ജനറൽ സ്റ്റോറിലും മാതൃകയും വിശദാംശങ്ങളും www.mgu.ac.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

### <u>പ്രൈവറ്റ് എം.എ./എം.എസ്.സി. പരീക്ഷാകേന്ദ്രം</u>

ജനുവരി 4ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ പ്രൈവറ്റ് എം.എ./എം.എസ്.സി. പരീക്ഷകൾക്ക് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ കളമശ്ശേരി സെൻറ് പോൾസ് കോളേജിൽ പരീക്ഷയെഴുതേണ്ടതാണ്. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### <u>ബി.കോം സൂക്ഷ്മപരിശോധന</u>

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്. പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജനുവരി 4, 5, 6 തീയതികളിൽ തിരിച്ചറിയൽ രേഖയുമായി സിൽവർ ജൂബിലി പരീക്ഷാഭവനിലെ 225-ാം നമ്പർ മുറിയിൽ സൂക്ഷ്മപരിശോധനയ്ക്കായി ഹാജരാകണം.

### <u>പരീക്ഷാഫലം</u>

2017 ഡിസംബറിൽ നടത്തിയ നാലാം വർഷ ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

### <u>ബയോമെറ്റീരിയൽ ശില്പശാല ജനുവരി 7 മുതൽ</u>

മഹാത്മാഗാന്ധി സർവ്വകലാശാലയും സ്വീഡനിലെ സ്റ്റോക്ഹോം യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന 'ബയോമെറ്റീരിയൽസ് ഫോർ ടുമോറോ (B4T)' എന്ന അന്തർദ്ദേശീയ ശില്പശാല ജനുവരി 7 മുതൽ 9 വരെ കൊച്ചി മാരിയറ്റ് ഹോട്ടലിൽ വച്ച് നടത്തും. വൈസ്

ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊഫ. അജി മാത്യു എന്നിവർ സംസാരിക്കും. ബയോ ഉൽപ്പന്നങ്ങളുടെ ഭാവി സാദ്ധ്യതകളെ ശാസ്ത്രലോകത്തിന് പരിചയപ്പെടുത്തുക എന്നതാണ് ശില്പശാലയുടെ ലക്ഷ്യം. ഗവേഷകർക്കും ബയോമെറ്റീരിയൽ വ്യവസായ രംഗത്തുള്ളവർക്കും ഈ മേഖലയിലെ നൂതന സാദ്ധ്യതകളെ ശാസ്ത്രീയമായി അപഗ്രഥിക്കാനുള്ള അവസരമൊരുക്കും. പ്രൊഫ. ക്രിസ്റ്റീന ഓക്സ്മാൻ, അലൈൻ ഡ്യു ഫെറൻസി, പ്രൊഫ. ഇഷാഖ് അഹമ്മദ്, ജോസഫ് സാമെക്, ശ്രീരാജ് ഗോപി, അലക്സാണ്ടർ ബിസ്മാർക്ക്, പ്രൊഫ. ഹേലി കാംഗാസ് എന്നിവരാണ് മുഖ്യപ്രഭാഷണം നടത്തുന്നത്. നൂറിലധികം പ്രശസ്ത ബയോമെറ്റീരിയൽ ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന ശില്പശാലയിൽ പ്ലീനറി പ്രഭാഷണങ്ങൾ, ബ്രെയിൻ സ്റ്റോമിങ്ങ് സെഷനുകൾ, പോസ്റ്റർ പ്രദർശനങ്ങൾ എന്നിവയും ഉണ്ടായിരിക്കും. മികച്ച പോസ്റ്ററിന് കയർബോർഡ് സ്പോൺസർ ചെയ്യുന്ന ഉപഹാരം സമ്മാനിക്കും. വിവരങ്ങൾക്ക് ഫോൺ: 7025921175.

**പ്രോജക്ട് ഫെല്ലോ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇൻർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും സി.എസ്.ഐ.ആർ. ലാബും സംയുക്തമായി നടത്തുന്ന പ്രോജക്ടിൽ പ്രോജക്ട് ഫെല്ലോ ഒഴിവുണ്ട്. ഫിസിക്സ്/കെമിസ്ട്രി/മെറ്റീരിയൽ സയൻസ് എന്നീ ബ്രാഞ്ചുകളിലുള്ള ബിരുദാനന്തര ബിരുദവും സി.എസ്.ഐ.ആർ./യു.ജി.സി. ഫെല്ലോഷിപ്പും ആണ് യോഗ്യത. താല്പര്യമുള്ളവർ അപേക്ഷയും ബയോഡാറ്റയും, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, ഐ.ഐ.യു.സി.എൻ.എൻ. - സി.എസ്.ഐ.ആർ. പ്രോജക്ട്, ഐ.ഐ.യു.സി.എൻ.എൻ., മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560 എന്ന വിലാസത്തിൽ ജനുവരി 10നകം സമർപ്പിക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**